**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.11.2015 യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.10ന് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.10.2015-ലെ അജണ്ട കൂടി ഇന്നത്തെ യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചു.

**2. പൊതുവിഷയങ്ങൾ**

2.1 **1191** തദ്ദേശഭരണ സ്ഥാപനങ്ങൾ **1210.26** കോടി രൂപ (19.92%) ചെലവഴിച്ചതായും ഇതിൽ **976** ഗ്രാമപഞ്ചായത്തുകൾ **718.48**കോടി രൂപയും (**22.60**%), **141** ബ്ലോക്ക് പഞ്ചായത്തുകൾ **132** കോടി രൂപയും **(18.02%), 14** ജില്ലാ പഞ്ചായത്തുകൾ **147.74** കോടി രൂപയും (**16.27** %), **55** മുനിസിപ്പാലിറ്റികൾ **121.63** കോടി രൂപയും, (**19**%), **5** കോർപ്പറേഷനുകൾ **90.69**കോടി രൂപയും (**14.73** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 പാലിയേറ്റീവ് കെയർ സംവിധാനം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിലവിലെ മാർഗരേഖ കില പരിഷ്ക്കരിച്ചു സമർപ്പിച്ചത് യോഗം അംഗീകരിച്ചു

2.3 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് ഇ-ടെണ്ടർ നടപ്പിലാക്കിയ സാഹചര്യത്തിൽ ഓരോ ജില്ലയിലെയും ഇ-ടെണ്ടർ സംബന്ധിച്ച് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ത്രിതല പഞ്ചായത്തുകൾ എന്നിവ രണ്ടാഴ്ചയിലൊരിക്കൽ ദിനപത്രങ്ങളിൽ പരസ്യം നൽകുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുക പരസ്യ ചെലവിന് വിനിയോഗിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

2.4 ജില്ലാ പ്ലാനിംഗ് കമ്മിറ്റി നിലവിലില്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ ഉൾപ്പെടുന്ന അഡ്ഹോക്ക് ഡി.പി.സി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

2.5 കില നടത്തുന്ന പരിശീലനം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മുനിസിപ്പൽ റീജിയണൽ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഉൾപ്പെടുന്ന ഉപദേശ സമിതി ജില്ലയിൽ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന ആവശ്യം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി മാറ്റി വച്ചു.

2.6 മന്ത്രിമാർ പങ്കെടുക്കുന്ന ഉത്ഘാടന ചടങ്ങിന് 25000 രൂപയും അല്ലാതെയുള്ള ഉത്ഘാടനങ്ങൾക്ക് 10000 രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 വയനാട് ജില്ലാ പഞ്ചായത്ത്**

ജില്ലാ ആശുപത്രിക്ക് 15 ലക്ഷം രൂപ വകയിരുത്തി 2 ആംബുലൻസ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് ഡി.പി.സി.യുടെ അംഗീകാരം നേരത്തെ

തന്നെ ലഭ്യമായിട്ടുള്ളതിനാൽ പ്രത്യേക അംഗീകാരം ആവശ്യമില്ല എന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 വയനാട് ജില്ലാ പഞ്ചായത്ത്**

മൊബൈൽ പാൽ പരിശോധന ലാബിനായി 10 ലക്ഷം രൂപയിൽ അധികരിക്കാതെ സ്കോർപിയോ മോഡൽ വാഹനം DGS&D അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്ന ആവശ്യം പരിശോധിക്കുകയും ലാബ് സംബന്ധമായ ആവശ്യങ്ങൾക്ക് ലക്ഷ്വറി വാഹനങ്ങൾ വാങ്ങുന്നത് ഉചിതമല്ലെന്നും താരതമ്യേന കുറഞ്ഞ വിലയുള്ള ബൊലേറോ മാതൃകയിലുള്ള വാഹനം വാങ്ങുകയാണ് ഉചിതമെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പൂവാർ ഗ്രാമപഞ്ചായത്ത്**

ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ 2013 ഏപ്രിൽ മുതലുള്ള വാടക കുടിശ്ശിക പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിനും സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതുവരെ പ്രതിമാസ വാടക നൽകാൻ അനുവദിക്കണമെന്നുമുള്ള ആവശ്യം അംഗീകരിക്കാവുന്നതല്ലെന്ന് യോഗം നിരീക്ഷിച്ചു. പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങളുടെ ചെലവ് അതത് വകുപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും അല്ലെങ്കിൽ വകുപ്പുകൾ സ്ഥാപനം പഞ്ചായത്തുകൾക്ക് കൈമാറിക്കൊടുക്കുകയാണു വേണ്ടതെന്നും യോഗം നിരീക്ഷിച്ചു. അത്യാവശ്യ ഘട്ടങ്ങളിൽ ചെലവ് ചെയ്യണമെങ്കിൽ തനത്ഫണ്ട് ഉപയോഗിക്കാമെന്നും യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പെരിനാട് ഗ്രാമപഞ്ചായത്ത്**

പ്രോജക്ട് ഭേദഗതിക്കായി ഡി.പി.സി. വീണ്ടും ചേരുന്നതിന് നിർദ്ദേശം നൽകണമെന്ന ആവശ്യം ഇപ്പോൾ പ്രസക്തമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്**

അംഗൻവാടികൾക്ക് കയർ ഫെഡിന്റെ ബേബി ബെഡുകളും വാട്ടർ പ്യൂരിഫയറുകളും റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നൽകുന്ന പ്രോജക്ടിന് ഡി.പി.സി. അംഗീകാരം നേരത്തെ തന്നെ ലഭിച്ചിട്ടുള്ളതിനാൽ നടപ്പിലാക്കാവുന്നതാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 നന്നംമുക്ക് ഗ്രാമപഞ്ചായത്ത്**

ലക്ഷം വീടുകൾ ഒറ്റവീടാക്കി മാറ്റുന്നതിന് ഹൗസിംഗ് ബോർഡ് അനുവദിച്ച 75000 രൂപയ്ക്കു പുറമെ ഗുണഭോക്താക്കൾക്ക് 125000 രൂപ വീതം അധിക സഹായം നൽകാൻ ഗ്രാമപഞ്ചായത്തിനെ അനുവദിക്കണമെന്ന ആവശ്യം മുമ്പുതന്നെ അംഗീകരിച്ചിട്ടുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്**

മഞ്ഞൾപ്പാറ ബദൽ സ്കൂളിന്റെ നിലവിലെ കെട്ടിടങ്ങൾക്ക് പരിവർത്തനം വരുത്തുന്നതിന് അനുവദിക്കണമെന്ന ആവശ്യം പ്രാദേശിക തലത്തിൽ തന്നെ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ചിറക്കടവ് ഗ്രാമപഞ്ചായത്ത് (ബഹു. കാഞ്ഞിരപ്പള്ളി എം.എൽ.എ. ഡോ.എൻ. ജയരാജ് മുഖേന)**

ഡേറ്റ എൻട്രി ജോലികൾ നടത്തുന്നതിന് ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റ് ചുമതല ഏൽക്കുന്നതുവരെ ഇത്തരം ജോലി ചെയ്തു പരിചയമുള്ള ഒരു വ്യക്തിയെ നിയോഗിച്ച് തനത് ഫണ്ട് ഉപയോഗിച്ച് വേതനം നൽകിയതിന് സാധൂകരണം നൽകണമെന്ന ആവശ്യം പരിശോധിക്കുകയും തൽസംബന്ധമായി നിലവിലുള്ള ഉത്തരവുകൾ പാലിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

ഐ.എ.വൈ ഭവന പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുള്ള അധിക ബാദ്ധ്യത നേരിടുന്നതിനായി സഹകരണ ബാങ്കുകളിൽ നിന്ന് എടുത്ത വായ്പയുടെ തിരിച്ചടവിനായി പദ്ധതികൾ ഭേദഗതി ചെയ്യാൻ അനുവദിക്കണമെന്ന ആവശ്യം ഇപ്പോൾ പ്രസക്തമല്ലെന്നും ഇതിനായി സർക്കാർ 500 കോടി രൂപ അനുവദിച്ച് 16.09.2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തൃശൂർ ജില്ലാ പഞ്ചായത്ത്**

23.09.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.41 പ്രകാരം തൃശൂർ ജില്ലാ പ ഞ്ചായത്തിന് ജലസമൃദ്ധി പദ്ധതി ഐ.ഡി.ആർ.ബി. ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. കൃത്യമായ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതിനാൽ തടയണ നിർമ്മാണത്തിന് ഗുണഭോക്തൃ വിഹിതം ഒഴിവാക്കുന്നതിനും ടി 3.41 മുൻ തീരുമാനത്തിൽ അതുകൂടി ചേർക്കുന്നതിനും തീരുമാനിച്ചു. ജലസേചന പദ്ധതികൾക്കുവേണ്ടി തടയണ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗുണഭോക്തൃ വിഹിതം വേണമെന്ന നിബന്ധന നിർബന്ധമാക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ഒറ്റൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 3/എഎ1/2015/തസ്വഭവ)**

ഇ.എം.എസ് ഭവന പദ്ധതിയിൽ ബാക്കി നിൽപ്പുള്ള തുക ഇനിയും ഗഡുക്കൾ നൽകാൻ ബാക്കിയുള്ളത് നൽകാനും, ശേഷിക്കുന്ന തുക ലോൺ തിരിച്ചടവിന് ഉപയോഗിക്കാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 എരുമേലി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 196/ഡി.എ1/2015/തസ്വഭവ)**

മൂന്നു പ്രോജക്ടുകൾക്കായി ചെലവഴിച്ച 38 ലക്ഷം രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഷയമായതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 509/എ.ബി1/2015/തസ്വഭവ)**

2012-13 സാമ്പത്തിക വർഷം ന്യൂട്രിമിക്സ് യൂണിറ്റിന് മെഷീനറി വാങ്ങൽ എന്ന പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ടത് ഓഡിറ്റ് വിഷയമായതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 വടക്കേക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം.527/ഡി.എ2/2015/തസ്വഭവ)**

100% സബ്സിഡിയോടെ 2015-16 പദ്ധതിയിൽ ഇലക്ട്രിക് അറക്കവാൾ നൽകുന്നതിനുള്ള നിർദ്ദേശം മാർഗരേഖപ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മണ്ണഞ്ചേരി ഗാമപഞ്ചായത്ത് (ഫയൽ നം.555/ഡി.എ2/2015/തസ്വഭവ)**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക വകമാറി ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കരിങ്കുന്നം ഗ്രാമപഞ്ചായത്ത് (ഫയൽ നം.580/ഡി.എ2/2015/തസ്വഭവ)**

പട്ടികജാതി യുവജനങ്ങൾക്ക് പി.എസ്.സി. കോച്ചിംഗ് എന്ന പദ്ധതിയിൽ എത്ര പേരാണ് ഗുണഭോക്താക്കളെന്നോ, എത്ര തുകയാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 മുളക്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം.262/ഡി.ബി1/2015/തസ്വഭവ)**

ബഹുവർഷ പ്രോജക്ട് ഏറ്റെടുക്കുകയാണെങ്കിൽ അടങ്കലിന്റെ 85% തുക 2015-16 വർഷം വകയിരുത്തണം എന്ന 08.06.2015-ലെ 1705/15 നമ്പർ സർക്കാർ ഉത്തരവിന് വിരുദ്ധമായി ജവഹർ ഭവന പദ്ധതി എന്ന പ്രോജക്ട് 2015-16 പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് സംബന്ധിച്ച് 05.08.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം അനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.455/എഫ്.എം.2/2015/തസ്വഭവ)**

പൊതുവിഷയം 2.6 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പരപ്പ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.321/ഡി.ഡി2/2015/തസ്വഭവ)**

ഫർണിച്ചർ വാങ്ങുന്നത് ഇ-ടെണ്ടർ മുഖേനയായിരിക്കണമെന്ന ഗ്രാമ വികസന കമ്മീഷണറുടെ ശുപാർശയെ അനുസരിച്ച് നടപടി കൈക്കൊള്ളാൻ നിർദ്ദേശിച്ച് തീരമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.272/ഡി.ഡി1/2015/തസ്വഭവ)**

ഐ.എ,വൈ. സംസ്ഥാന വിഹിതം ലഭിക്കാനുള്ളത് 2015-16 വാർഷിക പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകാനുള്ള പ്രോജക്ടുകൾക്ക് അനുമതി നൽകണമെന്നുള്ള ആവശ്യം ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായതിനുശേഷം പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.201/ഡി.ഡി2/2015/തസ്വഭവ)**

നീലേശ്വരം നഗരസഭയ്ക്ക് ആയുർവേദ ആശുപത്രി പ്രവർത്തിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ വകയായ വി.ഇ.ഒ. ഓഫീസ് - കം- ക്വാർട്ടേഴ്സ് കെട്ടിടം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥയിൽ നിലനിർത്തണമെന്ന വ്യവസ്ഥയിൽ വാടകയ്ക്ക് നൽകാൻ അനുവദിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ഗ്രാമവികസന കമ്മീഷണറുടെ കത്ത് (ഫയൽനം.195/ഡി.ഡി2/2015/തസ്വഭവ)**

2003-04 വർഷത്തെ എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുറക്കാട് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഗാന്ധി സ്മൃതിവനം പ്രോജക്ടിന് കോടതി വിധി പ്രകാരം നൽകേണ്ട തുകയ്ക്ക് പ്ലാൻ ഫണ്ടിൽ പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കരുവാരം ഗ്രാമപഞ്ചായത്ത് (ഫയൽ നം.551/ഡി.എ2/2015/തസ്വഭവ)**

റോഡ് നിർമ്മാണത്തിന്റെ അടങ്കൽ തുകയിൽ തെറ്റ് സംഭവിച്ചതിനാൽ അടങ്കൽ തുകയിൽ വ്യത്യാസം വന്നത് റോഡിന്റെ പേരും സ്ഥലവും മാറാതെ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.568/ഡി.എ2/2015/തസ്വഭവ)**

ഉപരിപഠനം പൂർത്തിയാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 ആരക്കുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം.202/ഡി.എ1/2015/തസ്വഭവ)**

ഡി.ഫാം കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് നൽകുന്നതുമായി സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടതിൽ മാർഗരേഖാ നിർദ്ദേശങ്ങളും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളും പാലിക്കാൻ 09.09.2015-ലെ ഇനം 3.5 തീരുമാനപ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 മാറാഞ്ചേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം.195/ഡി.എ1/2015/തസ്വഭവ)**

പഞ്ചായത്തിലെ ക്ഷീര സംഘത്തിന്റെ അധികാര പരിധിക്ക് പുറത്തുള്ള ക്ഷീര കർഷകർക്ക് ആനുകൂല്യം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.174/ഡി.ഡി2/2015/തസ്വഭവ)**

സ്നേഹതീരം ബാക്ക് ടു ലൈഫ് സൊസൈറ്റി എന്ന സംഘടനയ്ക്ക് സർക്കാർ അംഗീകാരം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 വെള്ളൂർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം.520/ഡി.എ2/2015/തസ്വഭവ)**

സുലേഖ സോഫ്ട് വെയറിലെ സാങ്കേതിക തകരാറുമൂലം ഡി.പി.സിയിൽ സമർപ്പിക്കാൻ കഴിയാത്ത ഭേദഗതി പ്രോജക്ടുകൾക്ക് അംഗീകാരം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 360/ഡി.ഡി2/2015/തസ്വഭവ)**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച പ്രോജക്ടുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ വെറ്റിംഗ് നടത്തി നൽകിയതു സംബന്ധിച്ച സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 30 കൂത്തുപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.328/ഡി.ഡി2/2015/തസ്വഭവ)**

റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ ബാക്കിയുള്ള തുക ഉപയോഗിച്ച് ബ്ലോക്ക് പരിധിയിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അല്ലെങ്കിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.186/ഡി.ഡി2/2015/തസ്വഭവ)**

2014-15 വാർഷിക പദ്ധതിയിൽ 7 ലക്ഷം രൂപ അടങ്കലിൽ അംഗൻവാടി ശിശുക്കൾക്ക് ഊഞ്ഞാൽ വാങ്ങൽ എന്ന പദ്ധതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ഗ്രാമ വികസന കമ്മീഷണറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 കെ.യു.ആർ.ഡി.എഫ്.സി. വായ്പാ കുടിശ്ശിക സംബന്ധിച്ച്**
**(ഫയൽ നം.154/ഐ.എ.2/2015/തസ്വഭവ)**

കെ.യു.ആർ.ഡി.എഫ്.സി. വായ്പാ കുടിശ്ശിക തിരിച്ചടച്ച ഗുണഭോക്താക്കൾക്ക് ആധാരം മടക്കി നൽകുന്നതിനും കുടിശ്ശികയുള്ള വായ്പാ തുക അടച്ചു തീർക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ലെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 സേവാഗ്രാം സംബന്ധിച്ച് കില ഡയറക്ടറുടെ കുറിപ്പ്**

സേവാഗ്രാം-ഗ്രാമ/വാർഡ് കേന്ദ്രം സംബന്ധിച്ച് കില ഡയറക്ടർ സമർപ്പിച്ച 9 ഇന നിർദ്ദേശങ്ങൾ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 ഐ.കെ.എം. ഡയറക്ടറുടെ കത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും അംഗത്വ ഫീസായി ഐ.കെ.എംന് ലഭിക്കേണ്ട തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 കുട്ടികളുടെ സമഗ്ര വികസനത്തിനായി കില സമർപ്പിച്ച കരട് മാർഗരേഖ**

കുട്ടികളുടെ സമഗ്ര വികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച മാർഗരേഖയുടെ കരട് കില അംഗീകാരത്തിനായി സമർപ്പിച്ചത് പുതിയ മാർഗരേഖയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ നിവേദനം**

നഗരസഭയായി മാറിയതും നഗരസഭയിലും കോർപ്പറേഷനിലും ലയിക്കുകയും ചെയ്ത ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ നിലവിലുള്ള കോൺട്രാക്ട് തീരുന്നതുവരെ തുടരാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 മട്ടന്നൂർ നഗരസഭ**

മട്ടന്നൂർ നഗരസഭയുടെ പദ്ധതി ഭേദഗതിക്ക് അനുമതി നൽകി തീരുമാനിച്ചു. ഇതു സംബന്ധിച്ച് സുലേഖ ആപ്ലിക്കേഷനിൽ വേണ്ട സൗകര്യങ്ങൾ ചെയ്യുന്നതിന് ഐ.കെ.എം.നെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 താഴെക്കോട് ഗ്രാമപഞ്ചായത്ത്**

പഴയ വാഹനത്തിന്റെ തുടർ ചെലവുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കേണ്ടതാണെന്നും വാഹനത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കണമെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 ആന്തൂർ മുനിസിപ്പാലിറ്റി**

പുതുതായി രൂപീകരിച്ച ആന്തൂർ നഗരസഭയ്ക്ക് ആവശ്യമായ സ്റ്റാഫിനെ ഡെപ്യൂട്ടേഷൻ/മുനിസിപ്പാലിറ്റിയിൽ നിന്നും നിയമിക്കുന്നതിനും തളിപ്പറമ്പ് നഗരസഭയ്ക്ക് അനുവദിച്ച വികസനഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ജനസംഖ്യാനുപാതികമായി വീതിച്ചു നൽകുന്നതിനും പുതുതായി ട്രഷറി/ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിന് ആവശ്യമായ ഭേദഗതി വരുത്തുന്നതിനും, 10 ലക്ഷം രൂപയിൽ കവിയാത്ത തുകയ്ക്കുള്ള പുതിയ വാഹനവും വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം ഡിസംബർ 2-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ബഹു പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടെ അസംബ്ലി ചേമ്പറിൽ ചേരുന്നതാണ്.**